## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 4695   26.10.2016-ൽ മറുപടിയ്ക്ക്

### കുടിവെള്ള ബോട്ടിലിംഗ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എൽദോ എബ്രഹാം : | മാത്യു. ടി. തോമസ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| എ സംസ്ഥാനത്ത് സർക്കാർ ഉടമസ്ഥതയിലോ നിയന്ത്രണത്തിലോ പ്രവർത്തിക്കുന്ന കുടിവെള്ള ബോട്ടിലിംഗ് യൂണിറ്റുകൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ; | എ കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ നിലവിൽ കുടിവെള്ള ബോട്ടിലിംഗ് യൂണിറ്റുകൾ ഇല്ല. അരുവിക്കരയിൽ ബോട്ടിലിംഗ് യൂണിറ്റിന്റെ പ്രവൃത്തി നടന്നു വരുന്നു. കെ.ഐ.ഐ.ഡി.സി.ഒ (KIIDCO) യുടെ കീഴിൽ ഒരു കുപ്പിവെള്ള ഫാക്ടറി 'ഹില്ലി അക്വാ' എന്ന പേരിൽ തൊടുപുഴ യിൽ പ്രവർത്തിച്ചു വരുന്നു. |
| ബി പ്രസ്തുത യൂണിറ്റുകളിൽ ജലഗുണ നിലവാരം ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; | ബി ഫാക്ടറിയിൽ നിന്നും കുപ്പിവെള്ളം ഉൽപ്പാദിപ്പിച്ച് വിതരണം നടത്തുന്നതിനു മുമ്പ് ബി.ഐ.എസ് നിഷ്കർഷിച്ചിട്ടുള്ള എല്ലാ ഗുണമേന്മാ ടെസ്റ്റുകളും 'ഹില്ലി അക്വാ' ഫാക്ടറിയിൽ നടത്തി വരുന്നു. ഇതിന് ഭക്ഷ്യ സുരക്ഷാ വിഭാഗത്തിന്റെ അനുമതിയും ഐ.എസ്.ഒ അംഗീകാരവും (ISO 22000:2005) ലഭിച്ചിട്ടുണ്ട്. |
| സി പുതുതായി ബോട്ടിലിംഗ് യൂണിറ്റുകൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ആയതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | സി നിലവിൽ അരുവിക്കരയിൽ പണി നടന്നു കൊണ്ടിരിക്കുന്ന യൂണിറ്റ് കമ്മീഷൻ ചെയ്ത് അതിന്റെ വിപണി പ്രതികരണം വിലയിരുത്തിയതിനു ശേഷം കേരള വാട്ടർ അതോറിറ്റി പുതുതായി ബോട്ടിലിംഗ് യൂണിറ്റുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു. കെ.ഐ.ഐ.ഡി. സി.ഒ. യുടെ കീഴിൽ കോഴിക്കോട് ജില്ലയിൽ, പേരാമ്പ്രയിൽ കുറ്റിയാടി ജലസേചന പദ്ധതിയുടെ പരിസരത്ത് ഒരു ബോട്ടിലിംഗ് യൂണിറ്റ് തുടങ്ങുന്നതിനുള്ള പ്രാരംഭ നടപടികൾ നടന്നു വരുന്നു. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നിഷ്കർഷിച്ചിട്ടുള്ള എല്ലാ ഗുണമേന്മാ മാനദണ്ഡങ്ങളും പാലിച്ചു കൊണ്ടായിരിക്കും ഇത് നടപ്പിലാക്കുക. |

Renuka Sankar
സെക്ഷൻ ഓഫീസർ